**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1783** **08-02-2023 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിയുള്ള കുട്ടികൾക്ക് ആധാർകാർഡ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ഡോ. ആർ ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ആധാർ കാർഡ് എടുക്കുമ്പോൾ വിരലടയാളങ്ങൾ, നേത്ര സമ്പർക്കം എന്നിവ ഫലപ്രദമായി പതിയേണ്ടതിനാൽ അംഗവൈകല്യം , ഭിന്നശേഷി എന്നിവ നേരിടുന്ന കുട്ടികൾക്ക് ആധാർകാർഡ് ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അവർക്ക് ആധാർകാർഡ് ലഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഓട്ടിസം, തീവ്ര ബൗദ്ധിക വെല്ലുവിളി എന്നിവ നേരിടുന്ന കുട്ടികളെ സംബന്ധിച്ചാണ് ഈ വിഷയം കൂടുതലായും ഉയർന്നു വരുന്നത്. ഇവർക്ക് അക്ഷയ കേന്ദ്രങ്ങളിലും മറ്റും നേരിട്ട് പോയി ഇത്തരത്തിൽ കണ്ണ് സ്കാൻ ചെയ്യുന്നതിനും വിരലടയാളം പതിപ്പിക്കുന്നതിനും സാധിക്കുകയില്ല. അപരിചിതമായ സ്ഥലങ്ങളും ആളുകളും ചില സന്ദർഭങ്ങളിൽ ഇവരിൽ ഭയവും പ്രകോപനവും ഉണ്ടാക്കുന്നതിനും കാരണമാകാറുണ്ട്. ഈ വിഷയത്തിൽ വിശദമായ പഠനം നടത്തി റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റിയോടും ,ഇത്തരം ആളുകൾക്ക് ഇവരുടെ താമസ സ്ഥലത്ത് എത്തി ആധാർ കാർഡ് എടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് IT വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ